# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5310** | **31.10.2016-ൽ മറുപടിക്ക്**

## ക്രൈം നമ്പർ 331/2015

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ശ്രീ.പി.എ.ഖലീൽ പരാതിക്കാരനായ ക്രൈം നമ്പർ 331/2015 കാസർകോട് ജില്ലയിൽ ഏത് പോലീസ് സ്റ്റേഷനിലാണ രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (എ) പ്രസ്തുത കേസ് കാസർഗോഡ് പോലീസ് സ്റ്റേഷനിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) കേസിനാസ്പദമായ സംഭവം നടന്ന സ്ഥലം ഏത് പോലീസ് സ്റ്റേഷന്റെ പരിധിയിലാണെന്ന് വ്യക്തമാക്കുമോ; | (ബി) കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിലാണ്. |
| (സി) സംഭവം നടന്നസ്ഥലം അധികാരപരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിൽ അല്ല കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (സി) കേസിനാസ്പദമായ സംഭവം നടന്ന സ്ഥലം കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ ടി കേസ് രജിസ്റ്റർ ചെയ്തത് കാസർഗോഡ് പോലീസ് സ്റ്റേഷനിലാണ്. |
| (ഡി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആറിൽ എത്ര പ്രതികളുണ്ട്; പേരുവിവരം വ്യക്തമാക്കുമോ;<br><br>(ഇ) എഫ്.ഐ.ആറിൽ പ്രതികളാണെന്ന് പറയുന്നവരെ ചോദ്യം ചെയ്യുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; ഈ കേസി-നാസ്പദമായ സംഭവം എന്തായിരുന്നുവെന്നും, നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഈ കേസിന്റെ ചാർജ്ജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ? | (ഡി) യും (ഇ) യും 26.04.2015 തീയതി രാവിലെ 8.00 മണിയ്ക്കും 27.04.2015 തീയതി 18.00 മണിയ്ക്കും ഇടയിൽ അന്യായക്കാരനായ പി.എ. ഖലീൽ, S/o. പി.എച്ച്. അബ്ദുള്ള എന്നയാളുടെ പരാതി പ്രകാരം അലമാരയിൽ സൂക്ഷിച്ചതായ 114 പവൻ സ്വർണ്ണാഭരണങ്ങൾ കളവ് പോയതിന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 454, 380 എന്നീ വകുപ്പുകൾ പ്രകാരമുള്ള കാസറഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം 331/2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും എഫ്.ഐ.ആറിൽ പ്രതിയെന്ന് സംശയിക്കുന്ന അന്യായക്കാരന്റെ വീട്ടിൽ ജോലി ചെയ്തിരുന്നതായ നസീമ, W/o. സിയാവുള്ള, ഏറുമാട്, മടിക്കേരി, കർണ്ണാടക എന്ന സ്ത്രീയെ ചോദ്യം ചെയ്യുകയും സ്ഥലത്തുനിന്നും കിട്ടിയ വിരലടയാളങ്ങൾ എടുത്ത് ഒത്തുനോക്കുകയും ഇതിനുപുറമേ തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സംശയിക്കുന്നയാളെ പോളീഗ്രാഫ് ടെസ്റ്റിന് വിധേയയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേസിന് അനുകൂലമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ടിയാളെ അറസ്റ്റ് ചെയ്തിട്ടില്ല. ഇപ്പോൾ ഈ കേസ് കാസർഗോഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷിച്ചുവരികയാണ്. കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ